I/512541/2023

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,തിരുവനന്തപുരം

നമ്പർ: DT/4583/2023-G2 തീയതി: 10-10-2023

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് - പരീക്ഷ വിഭാഗം - അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഡിസംബർ 2023 രണ്ട് വർഷ ട്രേഡുകളിലെ രണ്ടാം വർഷ പ്രാക്ടിക്കൽ, CBT- റെഗുലർ പരീക്ഷകൾക്ക് പങ്കെടുക്കുന്നതിന്- 2022 പരിശീലന വർഷത്തിൽ MIS പോർട്ടൽ മുഖേന പ്രവേശനം നേടിയ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു കൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

**<u>വിജ്ഞാപനം</u>**

സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐകളിൽ എൻ.സി.വി.ടി അഫിലിയേഷൻ നേടിയ അംഗീകൃത ട്രേഡുകളിൽ 2022 പരിശീലന വർഷത്തിൽ എം.ഐ.എസ് പോർട്ടൽ മുഖേന രണ്ട് വർഷ ട്രേഡുകളിൽ പ്രവേശനം നേടിയ പ്രൈവറ്റ് ട്രെയിനികളിൽ നിന്നും രണ്ടാം വർഷ പ്രാക്ടിക്കൽ, സി.ബി.റ്റി റഗുലർ പരീക്ഷകൾക്ക് പങ്കെടുക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകൾ **28/10/2023 വൈകുന്നേരം 5.00** മണിയ്ക്ക് മുമ്പായി ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാളിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

പ്രാക്ടിക്കൽ വിഷയങ്ങൾക്ക് അപേക്ഷാ ഫീസ് 1105/- (ആയിരത്തി ഒരുന്നൂറ്റി അഞ്ച് രൂപ മാത്രം) രൂപയും സി.ബി.റ്റി പരീക്ഷയ്ക്ക് 213/- (ഇരുന്നൂറ്റി പതിമൂന്ന് രൂപ മാത്രം) രൂപയുമാണ്. അതാത് പ്രിൻസിപ്പാൾമാർ അവരുടെ സ്ഥാപനത്തിൽ 2022 അദ്ധ്യയന വർഷത്തേയ്ക്ക് പ്രൈവറ്റ് ട്രെയിനിയായി പ്രവേശനം നേടിയ ട്രെയിനികളെ നേരിട്ട് ഈ വിവരം ബോധ്യപ്പെടുത്തി പരീക്ഷാ ഫീസ്, അപേക്ഷ എന്നിവ കൃത്യസമയത്ത് സമാഹരിക്കേണ്ടതും ആയത് **28/10/2023** നകം NCVT MIS പോർട്ടലിൽ രേഖപ്പെടുത്തി ടി ട്രെയിനികളുടെ ഹാൾടിക്കറ്റ് "Eligibility" ക്രിയേറ്റ് ചെയ്യേണ്ടതുമാണ്.

ഡി.ജി.റ്റി-യിൽ നിന്നുള്ള നിർദ്ദേശ പ്രകാരം പ്രാക്ടിക്കൽ, CBT എന്നിവയുടെ ഫീസ് സ്റ്റാറ്റസ് എം.ഐ.എസ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ട അവസാന തീയതി **31/10/2023** ആയതിനാൽ അതനുസരിച്ച് ട്രെയിനികളിൽ നിന്നും അപേക്ഷയും, ഫീസും ശേഖരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഓരോ ഐ.ടി.ഐ പ്രിൻസിപ്പാൾമാരും മുൻകൂട്ടിത്തന്നെ സ്വീകരിക്കേണ്ടതാണ്. ഫീസ് സ്റ്റാറ്റസ് സമയബന്ധിതമായി എം.ഐ.എസ് പോർട്ടലിൽ അപ്ഡേറ്റ് ചെയ്യേണ്ടതും, ടി വിഷയത്തിൽ യാതൊരു കാരണവശാലും തീയതി ദീർഘിപ്പിച്ചു നൽകാൻ കഴിയില്ലായെന്നും ഡി.ജി.റ്റി-യിൽ നിന്നും അറിയിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. പരീക്ഷ സംബന്ധിച്ച അന്തിമ തീരുമാനം DGT യിൽ നിന്നും ആയതിനാൽ ഈ പരീക്ഷ സംബന്ധിച്ച് DGT യിൽ നിന്നും തുടർന്നുള്ള നിർദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ആയത് ബന്ധപ്പെട്ട ഐ.ടി.ഐ കളെ പരീക്ഷ വിഭാഗത്തിൽ നിന്നും അറിയിക്കുന്നതാണ്.

I/512541/2023

## യോഗ്യതയും നിർദ്ദേശങ്ങളും

a. പ്രാക്ടിക്കൽ, സി.ബി.റ്റി പരീക്ഷകളുടെ വിശദമായ സമയക്രമ പട്ടിക ഡി.ജി.റ്റിയിൽ നിന്നും താമസിയാതെ തന്നെ അറിയിക്കുന്നതായിരിക്കും.

b. ട്രെയിനികൾക്ക് പ്രാക്ടിക്കൽ പരീക്ഷയ്ക്കും സി.ബി.റ്റി പരീക്ഷയ്ക്കും പ്രത്യേകം ഹാൾ ടിക്കറ്റുകളാണ് പോർട്ടലിൽ നിന്നും ലഭിക്കുന്നത്. ട്രെയിനികളുടെ പ്രൊഫൈൽ ഐ.ഡി വഴിയും ഐ.ടി.ഐയുടെ ക്രീയേറ്റർ ഐ.ഡി വഴിയും ഹാൾ ടിക്കറ്റ് ലഭ്യമാകുന്നതാണ്.

c. പ്രാക്ടിക്കൽ പരീക്ഷയ്ക്കുള്ള ഫീസായ 1105/- രൂപ "0230-labours &Employment -00-800-other Receipts-88-Other items" എന്ന ശീർഷകത്തിൽ അടയ്ക്കേണ്ടതും, CBT ഫീസായ 213 രൂപ ട്രെയിനികളിൽ നിന്നും ശേഖരിച്ച ശേഷം ഒരുമിച്ച് ഒറ്റ തവണയായി ഐ.ടി.ഐകളുടെ ക്രീയേറ്ററിൽ ലഭ്യമായ bulk fee payment link വഴി അടയ്ക്കേണ്ടതാണ്. സി.ബി.റ്റി ഫീസ് അടച്ച ശേഷം ലഭിക്കുന്ന രസീതിന്റെ പകർപ്പും ഫീസ് നൽകിയ ട്രെയിനികളുടെ ലിസ്റ്റും സബ് നോഡൽ ഐ.ടി.ഐയ്ക്ക് കൈമാറേണ്ടതാണ്.

## അപേക്ഷകർക്കുള്ള നിർദ്ദേശങ്ങൾ

–

1. അപേക്ഷകർ എം.ഐ.എസ് പോർട്ടലിൽ കൃത്യമായും അവരുടെ പ്രൊഫൈൽ പരിശോധിച്ച് അതിൽ എല്ലാ വിവരങ്ങളും ലഭ്യമാണെന്നും യാതൊരുവിധ തെറ്റുമില്ലായെന്നും പ്രൊഫൈൽ വെരിഫിക്കേഷൻ വഴി ഉറപ്പാക്കിയിട്ടു വേണം അപേക്ഷ സമർപ്പിക്കേണ്ടത്.
2. പ്രാക്ടിക്കൽ ഫീസായ 1105/- രൂപ, സി.ബി.റ്റി ഫീസായ 213/- രൂപ ഉൾപ്പെടെ പ്രവേശനം നേടിയ സ്ഥാപനത്തിലെ പ്രിൻസിപ്പാൾ മുമ്പാകെ നിശ്ചിത മാതൃകയിലുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.
3. ഒരിക്കൽ അടച്ച പരീക്ഷാ ഫീസ് യാതൊരു കാരണവശാലും മടക്കി നൽകുകയോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.
4. പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ പ്രായോഗിക പരീക്ഷ ചെയ്യേണ്ടവർ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് മുമ്പായി 110/- രൂപ, ജാമ്യ നിക്ഷേപ തുകയായി ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരെ ഏൽപ്പിക്കേണ്ടതും ടെസ്റ്റിന് ശേഷം ബാധ്യതകൾ ഉണ്ടായിട്ടില്ലാത്ത പക്ഷം പ്രസ്തുത ജാമ്യ തുക തിരികെ കൈപ്പറ്റേണ്ടതുമാണ്.

അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്.

# അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ഡിസംബർ 2023– രണ്ട് വർഷ ട്രേഡുകളിലെ രണ്ടാം വർഷ വാർഷിക റെഗുലർ ( പ്രൈവറ്റ് ട്രെയിനികൾ 2022 അഡ്മിഷൻ ) പരീക്ഷയ്ക്കുള്ള അപേക്ഷ ഫോറം

1. പരിശീലനാർത്ഥി പ്രവേശനം നേടിയ
   വ്യാവസായിക പരിശീലന സ്ഥാപനത്തിന്റെ പേര് :

2. സ്ഥാപനത്തിന്റെ എം.ഐ.എസ്.കോഡ് :

3. ട്രേഡ് :

4. അപേക്ഷകന്റെ പേര് :

5. റോൾ നമ്പർ (R/P എന്ന് തുടങ്ങുക) :

6. മൊബൈൽ നമ്പർ :

7. ഇ –മെയിൽ ഐ.ഡി :

8. ആൺ/പെൺ :

## സത്യപ്രസ്താവന

മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാര്യങ്ങൾ എന്റെ അറിവിലും, വിശ്വാസത്തിലും ശരിയാണെന്നും, പ്രാക്ടിക്കൽ, സി.ബി.റ്റി പരീക്ഷയ്ക്ക് ആവശ്യമായ ഫീസ് അടച്ചുകൊണ്ട് ട്രെയിനിംഗ് ഡയറക്ടറേറ്റിൽ നിന്നും അനുവദിച്ച നൽകുന്ന പരീക്ഷാകേന്ദ്രത്തിൽ പരീക്ഷ എഴുതാൻ സമ്മതമാണ്. ഡി.ജി.റ്റി അനുശാസിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസരിച്ച സമയബന്ധിതമായി എന്റെ എം.ഐ.എസ് പോർട്ടൽ യോഗ്യതകൾ എല്ലാം ഉറപ്പാക്കിയാൽ മാത്രമേ എനിക്ക് പരീക്ഷ എഴുതാൻ കഴിയുകയുള്ളൂ എന്നുമുള്ള ഉത്തമബോധ്യം എനിക്കുണ്ടെന്നും അറിയിക്കുന്നു.

അപേക്ഷകന്റെ പേര് :

ഒപ്പ് :